# Press Release:

തിരുവല്ല: നാഗാലാൻഡിൽ സുരക്ഷാസേനയുടെ വെടിവയ്പിൽ ഗ്രാമീണരായ തൊഴിലാളികൾ കൊല്ലപ്പെട്ടതിൽ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. തെറ്റിദ്ധാരണമൂലമാണ് വെടിവയ്പ്പ് നടത്തിയതെന്ന് പറയുന്നുണ്ടെങ്കിലും സേന ജാഗ്രത പുലർത്തേണ്ടതായിരുന്നു. യാതൊരു പ്രകോപനവും സൃഷ്ടിക്കാതെ യാത്രചെയ്തിരുന്ന സാധാരണ ജനതയ്ക്കുമേൽ നടത്തിയ ഇത്തരം നടപടികൾ ഒരിക്കലും ആവർത്തിക്കുവാൻ പാടില്ല.

മനുഷ്യജീവനു സംരക്ഷണം നൽകുക എന്നതായിരിക്കണം എല്ലാവരുടെയും പ്രഥമ കർത്തവ്യം. ജനങ്ങൾക്ക് സുരക്ഷിതത്വബോധം നൽകി സമാധാനപൂർണ്ണമായ അവസ്ഥയിലേക്കു നയിക്കുവാനുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. ഈ സാഹചര്യത്തിൽ തീവ്രവാദവിഭാഗങ്ങളുടെ മുതലെടുപ്പിന് അവസരമുണ്ടാകാതെ സൂക്ഷിക്കേണ്ടതുണ്ട്.

മനുഷ്യ ജീവനെ ഹനിക്കുന്ന പ്രവണത ഏറിവരുന്നത് ആശങ്കാജനകമാണ്. പല പ്രദേശങ്ങളിലും മനുഷ്യജീവനുകൾ ഉന്മൂലനം ചെയ്യുന്നതും ഭീഷണി ഉയർത്തുന്നതുമായ സാഹചര്യങ്ങൾ വർദ്ധിച്ചുവരുന്നു. സമാധാന പൂർണ്ണമായ അവസ്ഥ സംജാതമാക്കുവാൻ സർക്കാർ സംവിധാനങ്ങളും എല്ലാ വിഭാഗം ജനങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കണം.

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത**

08.12.2021.

**മാർത്തോമ്മാ സഭാധ്യക്ഷൻ.**

DR. THEODOSIUS MAR THOMA METROPOLITAN
LIGHTED TO LIGHTEN
MARTHOMA SYRIAN CHURCH